*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

**സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 45 C**

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**മെയ് 26, 2023**

## ക്ലേശങ്ങൾ, അനുമാനം, അംഗീകാരം, തേൾകടി

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

സ്വാമിയുടെ ബാല്യകാല ജീവിതത്തിന്റെ മറ്റൊരു കൗതുകകരമായ അധ്യായം, അവിടുന്ന് കുറച്ചു കാലം അധ്യയനം ചെയ്ത ഉറവക്കൊണ്ടയിൽ തുറക്കപ്പെട്ടു, അംഗീകാരവും അനുമാനങ്ങളും അവിടുത്തെ നഗര പ്രവേശനത്തെ ഘോഷിക്കുകയുണ്ടായി, ആ അത്ഭുതബാലന്റെ കഥകൾ പൊടുന്നനെ ഉദ്വേഗത്തോടെ കാത്തുകൊണ്ട്! എന്നാൽ, രാജു തന്റെ പ്രായത്തിനും ഒത്തിരി കവിഞ്ഞാണ് പെരുമാറുന്നതെന്ന് വരും കൊല്ലങ്ങൾ വെളിപ്പെടുത്താനിരിക്കുകയായിരുന്നു!



മൂത്ത സഹോദരനായ ശേഷമ്മ രാജുവിനോട് അവിടുന്നിന് എത്ര ബഹുമാനമായിരുന്നു എന്നത് നമുക്ക് അറിയാൻ കഴിയും. ഇതറിയുന്നത് തികച്ചും തമാശയാണ്, അവന്റെ രക്ഷിതാക്കൾ അവനൊരു സാധാരണ കുട്ടിയാവാനാണ് ആഗ്രഹിച്ചിരുന്നത്, ഒരു ബുദ്ധിശക്തിയുള്ള കുട്ടി, സ്കൂളിലൊക്കെ പഠിച്ച്, ജീവിതത്തിൽ ഉയർന്നു വന്ന്, ഒരു ദിവസം അവൻ ഒരു ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥനായിത്തീരണം എന്ന്. എന്നാൽ അവതാരത്തിന്റെ രൂപകല്പന തുലോം വ്യത്യസ്തമായിരുന്നു, അത് അവിടുന്നിന് മാത്രമാണ് നന്നായി അറിയുക!

അവിടുന്ന് അന്തിമമായി പഠനം പൂർത്തിയാക്കിയില്ല, അവിടുത്തെ ആദ്ധ്യാത്മിക ദൗത്യം പൂർത്തിയാക്കുന്നതിലേക്ക് ഉദ്യുക്തനായി, അത് പാതിവഴിക്ക് ഉപേക്ഷിക്കുകയാണുണ്ടായത്. ഇവിടെ ഉറവക്കൊണ്ടയിൽ, അവിടുന്ന് താരതമ്യേന ചുരുങ്ങിയ കാലം മാത്രമേ തങ്ങിയുള്ളൂ. പക്ഷേ ഇവിടെ അവതാരമഹിമ ഏറെ നാൾ ഒളിച്ചു വയ്ക്കാനായില്ല! അത് കാലാകാലങ്ങളിൽ ഇതൾ വിടർത്തിവന്നു!

നിഗൂഢമായ ശക്തികളുള്ള ഒരു അസാധാരണ വിദ്യാർത്ഥി എന്ന നിലയ്ക്കുള്ള രാജുവിന്റെ കീർത്തി, വിദൂരതയിലേക്ക് പ്രസരിക്കുന്ന, അകലെനിന്നു പോലും സൗരഭ്യമറിയിക്കുന്ന അത്തറു പോലെ, ചന്ദനഗന്ധം പോലെ, പുട്ടപർത്തിയിൽനിന്ന് കമലാപുരത്തേക്കും, അവിടെനിന്ന് ബുക്കപട്ടണത്തിലേക്കും, ഉറവക്കൊണ്ടയിലെ സ്കൂളിലേക്കു പോലും, മുൻപേ ഗമിച്ചു.




സ്വാമി ഉറവക്കൊണ്ടയിൽ കാലു കുത്തുന്നതിനു മുമ്പേ, സ്വാമിയുടെ കീർത്തി അവിടെയെത്തിയിരുന്നു. അവിടുന്ന് പഠിച്ചിരുന്ന ഉറവക്കൊണ്ടയ്ക്ക് അതിന്റെ പേര് സിദ്ധിച്ചത് ഒരു കൂറ്റൻ പാറയിൽ നിന്നാണ്-100 അടി പൊക്കവും അനേകം പത്തികളുള്ള ഒരു സർപ്പത്തിന്റെ ആകൃതിയുമുള്ളത്. 'ഉറവ' എന്നാൽ സർപ്പം, 'കൊണ്ട' എന്നാൽ മല. ഇവിടെ സൂചിപ്പിച്ചതുപോലെ, അംഗീകാരവും ഊഹങ്ങളും നേരത്തേതന്നെ ഘോഷിക്കുകയുണ്ടായി.

ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ, സഹോദരനോട് അവിടുന്നിന് വളരെ ബഹുമാനമായിരുന്നു, അദ്ദേഹത്തോട് സംസാരിക്കുന്ന അവസരത്തിൽ നേരേ നോക്കുക പോലുമില്ലാത്ത തരത്തിൽ; ഇന്നാണെങ്കിൽ യാതൊരു കൂസലുമില്ലാതെ, നിരുത്തരവാദപരമായി സംസാരിച്ചുകൊണ്ട്, അവരുടെ കോളറിന് പിടിച്ചു വലിച്ചില്ലെങ്കിൽ ഭാഗ്യം. പക്ഷേ അവിടുന്ന് വളരെ വിനയാവാനും സ്നേഹമയനും സ്വസഹോദരനോട് തികച്ചും അനുസരണയുള്ളവനും ആയിരുന്നു. അവിടുത്തെ പഠനകാലം വളരെ ചുരുങ്ങിയതായിരുന്നു!

ഉറവക്കൊണ്ടയിൽ ഒത്തിരി സ്ഥലങ്ങളിൽ കിണറുകളുണ്ട്, ധാരാളം ക്ഷേത്രങ്ങളുണ്ട്! കുടുംബത്തിലെ ആവശ്യങ്ങൾക്കായി പഴയ ഉറവക്കൊണ്ടയിലെ കിണറുകളിൽ നിന്ന് രാജുവിന് വെള്ളം കൊണ്ടുവരേണ്ടി വന്നു എന്നത് നമ്മെ നൊമ്പരപ്പെടുത്തുന്നതാണ്. ആ വഴിയത്രയും വെള്ളം കൊണ്ടുവരിക എന്നത് അത്രമേൽ ക്ലേശകരമായിരുന്നു!



ഇക്കാര്യങ്ങളൊക്കെ അവിടുത്തെ മാതാപിതാക്കൾക്ക് നന്നായി അറിയുമായിരുന്നു. അവനെ പഠിപ്പിക്കാനുള്ള ആഗ്രഹം കൊണ്ടാണ് അവരവനെ ഉറവക്കൊണ്ടയിലേക്ക് പോകുന്നതിന് സമ്മതിച്ചത്. മാതാപിതാക്കൾ അവനെ അവിടെ വിട്ടിട്ട് പുട്ടപർത്തിയിലേക്ക് മടങ്ങിപ്പോന്നു. തീർച്ചയായും, രാജുവിനൊപ്പം, അവിടുത്തെ സഹോദരിയായ വെങ്കമ്മയും, സഹോദരനായ ശേഷമ്മ രാജുവിന്റെ ഭവനത്തിൽ അവിടെ തങ്ങുകയുണ്ടായി.

തന്നെയുമല്ല, അക്കാലത്തെ വീടുകൾ, തീർച്ചയായും ഇന്നു പോലും, പാവപ്പെട്ട ആളുകൾക്ക് അത്തരത്തിലുള്ള താമസ സൗകര്യമായിരുന്നു ഉണ്ടായിരുന്നത്. എല്ലാ മുറികളും റെയിൽവേ ട്രെയിൻ ബോഗികളെപ്പോലെ തോന്നിക്കും, വളരെ അടുത്തടുത്ത്!

ബാബ അവിടുത്തെ ആ പഴയ ദിനങ്ങൾ ഓർത്തിട്ട് ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്. ഇതെല്ലാം ബാബ പറഞ്ഞിട്ടുള്ള പൊതുപ്രസ്താവനകളാണ്, സുഹൃത്തുക്കളേ!

“വലിയ കുടങ്ങൾ കയറുകൊണ്ട് ഒരു മുളങ്കമ്പിന്റെ ഇരുവശത്തുമായി കെട്ടി എന്റെ തോളത്ത് വച്ചു കൊണ്ട് വെള്ളം കൊണ്ടുവരുന്നതു കാരണം എന്റെ തോളുകൾ അത്യധികം കല്ലിച്ചു. ഞാൻ അത്രയധികം കഠിനാധ്വാനം ചെയ്യുമായിരുന്നിട്ടും, എന്റെ അമ്മായി(എന്നു വച്ചാൽ, ജ്യേഷ്ഠത്തി) കാരണമൊന്നും കൂടാതെ എന്നെ തല്ലുക പതിവായിരുന്നു, ഒരു കാരണവുമില്ലാതെ!” അവിടുന്ന് സഹിച്ച പീഢനം എന്തു തരത്തിലുള്ളതായിരുന്നു എന്ന് സങ്കൽപ്പിക്കൂ!

കൂടാതെ, അവിടുന്ന്-ബാബ- പറയുന്നു, “അവർ ഒരിക്കലും എനിക്ക് സമയത്ത് ആഹാരം തരില്ലായിരുന്നു!” ഒരിക്കൽ രാജുവിന്റെ ജ്യേഷ്ഠസഹോദരി, ശേഷമ്മ രാജുവിന്റെ ഭാര്യ, രാജുവിന്റെ കവിളത്ത് ശക്തമായി അടിച്ചു, അടി കൊണ്ട് കവിളുകൾ നീരുവച്ചു, വീർത്തു!

വെള്ളം കൊണ്ടുവരുന്നതിന്റെ പ്രയാസം രാജുവിൽ പ്രബലമായ സ്വാധീനമുണ്ടാക്കിയിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ, ആന്ധ്രാപ്രദേശിലെ വിവിധ ജില്ലകൾക്കായി ശ്രീ സത്യസായി സുരക്ഷിത കുടിവെള്ള പദ്ധതിയുടെ ശില്പിയാകുമ്പോൾ, അവിടുന്ന് ആ അനുഭവം ഓർത്തിട്ടുണ്ടാവും. വിജയകരമായി അവതരിപ്പിച്ച്, വിജയകരമായി പൂർത്തിയാക്കിയ സത്യസായി കുടിവെള്ള പദ്ധതിയിൽ അവിടുന്ന് അവിടുത്തെ ദൈവികത അനുഭവവേദ്യമാക്കുകയും പ്രകടമാക്കുകയുമുണ്ടായി.




സ്വന്തം സ്ഥലത്തുനിന്ന് ഉറവക്കൊണ്ടയിലേക്ക് തിരിക്കുമ്പോൾ, രാജു അവിടുത്തെ സുഹൃത്തുക്കളിൽ നിന്ന് വിട വാങ്ങി.

അവിടുത്തെ സുഹൃത്തുക്കളിൽ ഒരാൾ അവിടുത്തെ ആശങ്ക പ്രകടിപ്പിച്ചു. ചങ്ങാതി പറഞ്ഞു, "ഞാൻ എപ്പോൾ തിരിച്ചു വരും? നമ്മളെന്നിനി കാണും, ഒരുമിച്ചിരുന്ന് സംസാരിക്കും?"

അപ്പോൾ ആ ചങ്ങാതി പറഞ്ഞു, "നിനക്ക് വിദ്യാഭ്യാസം ആവശ്യമാണ്, ഞങ്ങൾക്ക് കൃഷിയാണ് വേണ്ടത്! നിന്റെ സഹോദരൻ എഴുതിക്കഴിഞ്ഞല്ലോ. നീ പോയി പഠിക്ക്!"

അതായിരുന്നു അവിടുന്നും അവിടുത്തെ സുഹൃത്തുക്കളും തമ്മിലുണ്ടായിരുന്ന സ്നേഹബന്ധം. അവർക്ക് അവിടുന്നിൽ നിന്ന് അകന്നു കഴിയാനാവുമായിരുന്നില്ല, അവരെ ഉപേക്ഷിച്ചു പോവാൻ സ്വാമിയും തയ്യാറെടുത്തിരുന്നില്ല!

ഈ ഘട്ടത്തിലാണ്, ഏതാനും ദിവസങ്ങൾക്കു ശേഷം, ഒരു സൈ്വരക്കേടുണ്ടാക്കുന്ന കത്ത് പുട്ടപർത്തിയിൽ കിട്ടുന്നത്.



"ഇത് സത്യനാണ്!" പിതാവ് ഭാര്യയോട് പറഞ്ഞു, "പേടിക്കാനൊന്നുമില്ല, ഒരു വേള ഒരു തേളുകടി മാത്രം! അവർക്ക് തേളിനെ കാണാൻ പറ്റിയില്ല. 3 ദിവസം മുമ്പ് വൈകുന്നേരത്താണത്രെ!"

"നോക്കൂ, സത്യൻ അതിനു ശേഷം ഒരു മുഴുവൻ ദിവസവും ഉറക്കത്തിലായിരുന്നു, പക്ഷേ അവന് വേദനയുണ്ടായിരുന്നില്ല എന്ന് ശേഷമ്മ രാജു എഴുതിയിരിക്കുന്നു."

ഈശ്വരാമ്മ ഭയന്നു പോയി. അത്തരത്തിലൊരു ദംശനമുണ്ടായാൽ നിർബന്ധപൂർവം ഉറക്കമിളയ്ക്കണം, മന:പൂർവം ഉറങ്ങാൻ അനുവദിക്കില്ല-ഉറക്കം വിഷത്തിന്റെ പ്രഭാവം കൂട്ടും എന്നു ഭയന്ന്.

അവിടുത്തെ മാതാപിതാക്കൾ അറിയാനിടയായത് ഇത്രയുമായിരുന്നു! എന്നാൽ തേളുകടി മിക്കപ്പോഴും മാരകമാവുമെന്ന് സഹോദരന് അറിയാമായിരുന്നു. അതുകൊണ്ട്, അദ്ദേഹം ഉടനടി പുറപ്പെടാനൊരുങ്ങി.

അദ്ദേഹം പുറപ്പെടുന്നതിനു മുമ്പ്, എന്നിരുന്നാലും, രണ്ടാമതൊരു കത്തിനൊപ്പം മറ്റൊരു സന്ദേശം എത്തി. ആ കത്തിൽ പറഞ്ഞിരുന്നത്, രാജുവിന് ബോധം തിരിച്ചു കിട്ടിയെന്നും നല്ല കോലത്തിലല്ല എന്നുമാണ്. അവൻ കഴിക്കുകയോ കുടിക്കുകയോ ചെയ്യുന്നില്ല, ചുറ്റും നടക്കുന്നതൊന്നും അറിയുന്നതുമില്ല. അവൻ മറ്റെവിടെയോ, അദൃശ്യരായ ജിവികളോട് സംസാരിക്കുന്നതുപോലെ!




ഈശ്വരാമ്മയ്ക്ക് കൂടുതലൊന്നും കേൾക്കുന്നത് സഹിക്കാനാവുമായിരുന്നില്ല. തന്നെ അവിടേക്ക് കൂട്ടിക്കൊണ്ടു പോകണമെന്ന് അവർ ഭർത്താവിനോട് യാചിച്ചു, വഴി നീളെ നിസ്സഹായയായി പ്രാർത്ഥനകൾ ഉരുവിട്ടു. സത്യൻ സാധാരണ നിലയിലാവണം എന്നു മാത്രമായിരുന്നു അവർ യാചിച്ച ഒരൊറ്റ വരം! അവൻ വേറിട്ടവനാകണം എന്നോ മറ്റുള്ളവരെ അപേക്ഷിച്ച് ബുദ്ധിമാനാകണം എന്നോ അവരാഗ്രഹിച്ചിരുന്നില്ല. അവരെ ശാന്തമാക്കാൻ കഴിയുന്ന ലേപനം ആരുടെയും കൈവശം ഉണ്ടായിരുന്നില്ല.

എല്ലാ മറുമരുന്നുകളും അവർ സത്യനിൽ പരീക്ഷിച്ചു നോക്കി, ശമിപ്പിക്കുന്ന ഗുണമുള്ളതായി അറിയപ്പെടുന്ന ഒരു ഔഷധച്ചെടിയുടെ കറയുൾപ്പടെ. ജ്യോത്സ്യന്മാരുടെ, പുരോഹിതന്മാരുടെ, കൈനോട്ടക്കാരുടെ, അലോപ്പതിക്കാരുടെ, ഹോമിയോപ്പതിക്കാരുടെ, പ്രകൃതിചികിത്സകരുടെ, ജില്ലാ മെഡിക്കൽ ഓഫീസറുടെ പോലും സഹായം അവർ തേടി, എന്നാൽ പ്രയോജനമുണ്ടായില്ല! രാജുവിന് ഒരു മാറ്റവുമുണ്ടായില്ല. ഉറവക്കൊണ്ടയിൽ എന്താണ് സംഭവിച്ചത്? അതൊരു തേളുകടി മാത്രമായിരുന്നു!

ശിവരാത്രി ദിവസം അത്താഴത്തിനു ശേഷം, സത്യൻ വെങ്കമ്മയുടെ അടുത്തു ചെന്നിട്ട് തനിക്ക് ഒരിടം വരെ പോകാനുണ്ടെന്നും, കുറച്ചു സമയം കഴിഞ്ഞിട്ടേ തിരിച്ചു വരൂ എന്നും, മുൻവശത്തെ കതകിന് കുറ്റിയിടേണ്ട എന്നും പറയുകയുണ്ടായി.

പക്ഷേ എന്തു സംഭവിച്ചു? പറഞ്ഞതുപോലെ സത്യൻ സമയത്ത് തിരികെ വന്നില്ല.

നേരം അതാണ്ട് വെളുക്കാറായിരുന്നു. അവിടുത്തെ സഹോദരിക്ക്, തന്റെ കൈയിൽ ആരോ തൊടുന്നതായി തോന്നി. അവൾ കണ്ണു തുറന്നപ്പോൾ, സത്യം മുൻ വാതിൽക്കൽ നിൽക്കുന്നതാണവൾ കണ്ടത്. അവൻ വന്നിട്ടേ ഉണ്ടായിരുന്നുള്ളൂ. രാത്രി മുഴുവൻ എവിടായിരുന്നു എന്ന അവളുടെ ചോദ്യത്തിന്, സംസാരിക്കരുത്, അല്ലെങ്കിൽ അവരുടെ ജ്യേഷ്ഠനും പത്നിയും അവിടുന്ന് വൈകിയെത്തിയത് അറിയാനിടയാവും എന്ന് അവിടുന്ന് പതുക്കെ പറഞ്ഞു.

താൻ ശിവഭഗവാന് അഭിഷേകം കഴിക്കാനായി പോയതാണെന്ന് അവിടുന്ന് പറയുകയുണ്ടായി.




"ഞാൻ പ്രസാദം കൊണ്ടുവന്നിട്ടുണ്ട്!" അവിടുന്ന് പറഞ്ഞു.

ഇപ്രകാരം, അവിടുത്തെ തൊഴിൽ, പ്രവൃത്തി ഒക്കെ ആദ്ധ്യാത്മികത നിറഞ്ഞതായിരുന്നു, എന്നാൽ അവിടുന്ന് ഇതെപ്പറ്റി ഒന്നും തന്നെ പറഞ്ഞിരുന്നില്ല! ആരും ശ്രദ്ധിക്കാതെ വീടു വിട്ടു പോയത് ഒരു തരം അച്ചടക്കമില്ലായ്കയ| ായി തോന്നിച്ചേക്കാം, എന്നാൽ എങ്ങോട്ടാണവിടുന്ന് പോയത്? അഭിഷേകത്തിന്, ഭഗവാൻ ശിവനെ പുണ്യതീർത്ഥത്താൽ ആരാധിക്കുന്നതിന്!

എന്നാൽ അവിടുന്ന് രോഗശാന്തിക്കു ശേഷം ഷോക്കിൽ നിന്ന് സുഖം പ്രാപിച്ചു വരുമ്പോൾ, രോഗമുക്തിയുടെ ആ ഘട്ടത്തിൽ, അവിടുത്തെ സഹോദരിയായ വെങ്കമ്മയാണ് പരിചരിച്ചത്.

പക്ഷേ, അവിടുന്ന് എല്ലായ്പോഴും പറഞ്ഞു, "വേണ്ട, എനിക്കൊന്നും ആവശ്യമില്ല!"

എന്നാൽ ഒരു ദിവസം, അവിടുന്ന് കുളിമുറിയിലേക്ക് പോയിട്ട് ഉറക്കെ വിളിച്ചു, "അബ്ബാ, അബ്ബാ!" കഠിനമായ വേദനയിൽ വിലപിക്കുന്നതുപോലെ. അവൾ ഓടിച്ചെന്ന് തിരക്കുമ്പോൾ, ഒരു തേൾ കുത്തിയതാണ് എന്ന് അവിടുന്ന് പറഞ്ഞു!

ഒരു റാന്തലിന്റെ വെളിച്ചത്തിൽ പരതിയിട്ടും അവർക്ക് ആ പരിസരത്തൊന്നും ഒരു തേളിനെ കണ്ടെത്താനായില്ല. വെങ്കമ്മ വല്ലാതെ ഭയപ്പെട്ടു പോയി, കാരണം ഉറവക്കൊണ്ടയിൽ വച്ച് ഒരു തേളിന്റെ കടിയേൽക്കുന്നത് മരണകാരണമാകുമെന്ന് അവൾ കേട്ടിരുന്നു. സത്യനോട് വേദനയോ പുകച്ചിലോ ഉണ്ടോയെന്ന് അവൾ തിരക്കിയപ്പോൾ, ഇല്ലെന്നായി

രുന്നു അവിടുന്നിന്റെ മറുപടി, അവളോട് പോയിക്കിടന്ന് ഉറങ്ങുന്നതിന് ആവശ്യപ്പെടുകയും ചെയ്തു.

പിറ്റേ ദിവസം, സത്യന്റെ മുഖത്ത് വലിയ മാറ്റം കണ്ടു. അതിനു ശേഷം അനേകം മാറ്റങ്ങളും!
അവതാരത്തിന്റെ ആവിഷ്കരണം(unfoldment of Avatar) സംബന്ധമായി നമുക്ക് പഠിക്കാൻ വേണ്ടി, അവയ്ക്കൊക്കെ കുറച്ച് സന്ദേശങ്ങൾ തരാനുണ്ട്.

സായിരാം! നമുക്ക് അടുത്ത വേള കാണാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)